എം.പി(6)24192/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം , തീയതി : 6.07.2011

# സർക്കുലർ നമ്പർ - 50/2011

വിഷയം: സഹകരണ വകുപ്പ് - ന്യൂട്രിയന്റ് ബെയ്സട് സബ്സിഡി സ്കീം - സഹകരണ സംഘങ്ങൾ വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന: ഇന്ത്യൻ ഫാർമേഴ്സ് ആന്റ് ഫെർട്ടിലൈസർ കോപ്പറേറ്റീവ് ലിമിറ്റഡിന്റെ 17.6.2011 ലെ കത്ത്

ഭാരതസർക്കാർ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വളം വിൽപ്പന നടത്തുന്ന സംഘങ്ങൾക്ക് 01.10.2010 മുതൽ ന്യൂട്രയന്റ് ബേസിഡ് സബ്സിഡി സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സബ്സിഡി സർക്കാരിൽ നിന്നും നേരിട്ട് സംഘങ്ങൾക്ക് നൽകുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിലേക്കായി വളം വിൽപ്പന നടത്തുന്ന സഹകരണ സംഘങ്ങൾക്ക് 'TIN' നമ്പരും 'PAN' നമ്പരും ആവശ്യമായതിനാൽ പ്രസ്തുത സ്കീം നടപ്പിലാക്കുന്ന സംഘങ്ങൾ അവരുടെ പേര്, മേൽവിലാസം, 'TIN' നമ്പർ, JAWA പ്രോഗ്രാമും മൊബൈൽ നമ്പർ എന്നിവ നൽകുകയും പാൻ നമ്പർ ലഭിക്കുന്നതിനായി അപേക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ 8.7.2011 ന് മുൻപായി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ക്ക് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ വിവരം ക്രോഡീകരിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് നൽകേണ്ടതും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) പ്രസ്തുത വിവരം 15.7.2011 ന് മുൻപായി IFFCO ക്ക് നൽകി ഒരു കോപ്പി സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സഹകരണ സംഘങ്ങളുടെ അവലോകന യോഗത്തിൽ സംഘം പ്രതിനിധീകളുടെ ശ്രദ്ധയിൽ ഈ സർക്കുലർ കൊണ്ടുവരേണ്ടതും ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് പരമാവധി സംഘങ്ങളെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി സബ്സിഡി സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഒപ്പ്
ഡോ.എസ്.രവീന്ദ്രൻ, ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ